# നവസുവിശേഷവൽകരണം

മാർ റാഫേൽ തട്ടിൽ

സുവിശേഷ പ്രഘോഷണ മേഖലകളിലൊക്കെ സഭ കടുത്ത വെല്ലുവിളികളിലൂടെ കടന്നു പോകുന്ന കാലഘട്ടമാണിത്. സെമിനാരികൾ അടയ്ക്കുന്നു, നൊവിഷ്യേറ്റുകൾ പൂട്ടുന്നു, ദൈവവിളി വലിയതോതിൽ കുറയുന്നു. മാത്രമല്ല വൈദിക ജീവിതത്തെക്കുറിച്ചും സർപ്പിത ജീവിതത്തെക്കുറിച്ചും ഒരു കാലത്തും കേട്ടുകേൾവിയില്ലാത്ത തരത്തിലുള്ള ആരോപണങ്ങളും അപഖ്യാതികളും നാടു നീളെ പരക്കുന്നു.

ലോകത്തെ സുവിശേഷവൽകരിക്കാൻ സഭ ഏറ്റെടുത്ത വലിയ ദൗത്യം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരുമോ, സഭയുടെ കാലം കഴിഞ്ഞോ എന്നൊക്കെ സംശയിക്കുന്നവർ കൂടി വരികയാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് നവസുവിശേഷവൽകരണം എന്ന വിഷയം റോമിൽ നടന്ന പതിമൂന്നാമത്തെ മെത്രാൻ സിനഡിന് വിഷയമായി ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പാ മുന്നോട്ടു വച്ചത്.

## നവസുവിശേഷവൽകരണം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്.

സഭ സ്വഭാവത്താൽ തന്നെ പ്രേക്ഷിതയാണ്. സഭയുടെ ദൗത്യംതന്നെ സുവിശേഷ പ്രഘോഷണമാണ്. മത്തായിയുടെ സുവിശേഷത്തിലൂടെ കർത്താവ് ഇത് വ്യക്തമായി പറഞ്ഞിട്ടുമുണ്ട്. (മത്താ 28:18-20) ''യേശു അവരെ സമീപിച്ച് അരുൾചെയ്തു: സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരങ്ങളും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ.''

സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന ഈ സുവിശേഷവൽകരണ ദൗത്യത്തിന് രണ്ടു മാനങ്ങളാണ് ഉള്ളത്. ഒന്ന്: ലോകത്തിലെ സകല മനുഷ്യർക്കും സുവിശേഷം എത്തിക്കാനാണ് സഭയെ കർത്താവ് നിയോഗിച്ചിരിക്കുന്നത്. രണ്ട്: ലോകാവസാനം വരെ സുവിശേഷ പ്രഘോഷണം തുടരാനാണ് സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന ദൗത്യം. ലോകാവസാനമെന്നാൽ ക്രിസ്തുവിന്റെ പ്രത്യാഗമനം വരെ എന്നാണ് അർഥം. അതുകൊണ്ട് സഭ അടിമുടി സുവിശേഷകയാണ്. അസ്തിത്വംകൊണ്ടും വ്യക്തിത്വംകൊണ്ടും സുവിശേഷം കൈമാറുകയാണ് സഭയുടെ അടിസ്ഥാന ദൗത്യം.

സുവിശേഷവൽക്കരണമെന്നാൽ അനുകൂല സാഹചര്യങ്ങളിൽ നടത്തേണ്ട ഒരു ക്രയവിക്രയമല്ലെന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു.ജറുസലേമിലേയ്ക്കു പോകാനൊരുമ്പെട്ട കർത്താവിനെ പത്രോസ് നിരുൽസാഹപ്പെടുത്തി. അവിടുത്തെ സാഹചര്യം നിനക്ക് അനുകൂലമല്ല, അങ്ങോട്ടു പോകാതിരിക്കുന്നതാണ് നല്ലത് എന്ന് പത്രോസ് പറഞ്ഞു. സാത്താനേ.. എന്നാണ് അപ്പോൾ കർത്താവ് പത്രോസിനെ വിളിക്കുന്നത്. സുവിശേഷവൽകരണത്തിനു മുന്നിലെ വെല്ലുവിളികൾകണ്ട് പിന്തിരിയുന്ന സഭ, പത്രോസിനെ വിളിച്ച അതേ വാക്കുകൾകൊണ്ട് വിളിക്കപ്പെടാൻ സാഹചര്യമുണ്ടാക്കുകയാണ് പലപ്പോഴും.ആദിമസഭ സുവിശേഷവൽകരണം നടത്തിയത് അനുകൂല സാഹചര്യങ്ങളിലായിരുന്നില്ല. ആദിമസഭ നേരിട്ട കടുത്ത സാഹചര്യ

ങ്ങളെക്കുറിച്ച് ധാരണ ലഭിക്കാൻ സുവിശേഷത്തിലെ മൂന്നു സൂചനകൾ ഉപക രിക്കും. എമ്മാവൂസിലേയ്ക്കു യാത്ര പുറപ്പെട്ട ശിഷ്യന്മാരാണ് ഒന്നാമത്തേ ത്(ലൂക്കാ: 24. 13-35). സുവിശേഷ പ്രഘോഷണത്തിനായിരുന്നില്ല, മറിച്ച് സുവി ശേഷവൽകരണത്തിന് ജറുസലേമിലുണ്ടായിരുന്ന പ്രതികൂല സാഹചര്യങ്ങ ളിൽനിന്ന് ഒളിച്ചോടാനായിരുന്നു അവർ എമ്മാവൂസിലേയ്ക്കു യാത്രയായത്. ഇന്ന് സാഹചര്യങ്ങളെല്ലാം പ്രതികൂലമാകുമ്പോൾ, പള്ളികൾ പൂട്ടുമ്പോൾ, ദൈവവിളി കൾ കുറയുമ്പോൾ, മാധ്യമങ്ങൾ സഭയെയും വൈദികരെയും അപഹസിക്കു മ്പോൾ സാഹചര്യം അനുകൂലമല്ലെന്നു കണ്ട് സുവിശേഷവൽകരണത്തിൽനിന്നു പിന്മാറുകയാണെങ്കിൽ എമ്മാവൂസിലേയ്ക്കു പുറപ്പെട്ട ശിഷ്യന്മാരെപ്പോലെയാകുക യല്ലേ നമ്മൾ.

യഹൂദന്മാരെ ഭയന്ന് കതകടച്ച് ഒളിച്ചിരുന്ന ശിഷ്യന്മാരെ (യോഹ 20. 12) യോഹന്നാന്റെ സുവിശേഷത്തിൽ കാണാം. ആളുകളെ അഭിമുഖീകരിക്കാതെ ഒളി ച്ചിരിക്കുകയായിരുന്നു അവർ. ഇന്ന് നമ്മുടെയും നിലപാട് ഇവരുടേതിന് സമമാണ്. എല്ലാം കുഴപ്പമാണ്, മിണ്ടാതിരിക്കുകയാണ് നല്ലത്. സ്കൂൾ നടത്തിയാൽ കുഴപ്പം, ആശുപത്രി നടത്തിയാൽ കുഴപ്പം, മഠത്തിൽ പോയാൽ കുഴപ്പം, വൈദികർ പരാതി കൾ ഉണ്ടാക്കുന്നതിനാൽ കുഴപ്പം... അതിനാൽ പരാതികൾക്ക് ഇടംകൊടുക്കാതെ ഒളിച്ചിരിക്കാൻ ഇഷ്ടപ്പെടുന്ന ഒരു സഭയുണ്ട് ഇവിടെ. ഞാനും നിങ്ങളും ആ സഭ യുടെ ഭാഗഭാക്കാണ്.

സുവിശേഷത്തിലെ മൂന്നാമത്തെ സൂചന യോഹന്നാന്റെ സുവിശേഷത്തിൽ കാണാം. (യോഹ. 21- ) പത്രോസെ നീ പാറയാകുന്നു. ആ പാറമേൽ ഞാൻ എന്റെ പള്ളി പണിയും എന്നൊക്കെ കർത്താവ് അധികാരപ്പെടുത്തിയ പത്രോസ്, കർത്താവ് മരിച്ചു എന്നു കണ്ടപ്പോൾ, തന്റെ പഴയ ലാവണത്തിലേക്ക്, കഫർണഹാ മിലെ കടൽത്തീരത്തേയ്ക്ക് മീൻ പിടിക്കാൻ പോകുന്നു എന്നാണ് പറഞ്ഞത്. നീ പോകുകയാണെങ്കിൽ ഞങ്ങളും കൂടെ പോരുകയാണ് എന്നു മറ്റു ശിഷ്യന്മാരും പറ ഞ്ഞു. അവിടെ വച്ചു കടപൂട്ടി കടലിലേയ്ക്കു മടങ്ങാൻ തീരുമാനിച്ചവരാണ് ശിഷ്യ ന്മാർ. എന്നാൽ പന്തക്കുസ്താ ദിനത്തിൽ പരിശുദ്ധാത്മാവ് അവരുടെ ഇടയി ലേയ്ക്ക് ഇറങ്ങി വന്നതോടെ നാം കാണുന്നത് നവസുവിശേഷവൽകരണമാണ്. പ്രതികൂലങ്ങളെ വെട്ടിത്തെളിച്ച് സുവിശേഷത്തെ ലോകമെങ്ങും പ്രതിഷ്ഠിക്കാ നുള്ള വ്യഗ്രതയാണ് പിന്നീടു ശിഷ്യന്മാരിൽ നാം കാണുന്നത്.

ആദിമസഭ സുവിശേഷവൽകരണത്തിൽ നേരിട്ട വെല്ലുവിളിക്കു മറുപടി പിന്നീട് ശിഷ്യന്മാർ നൽകുന്നുണ്ട്. യഹൂദ പാരമ്പര്യത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകൻ ക്രിസ്തുവാണെന്ന് സ്ഥാപിക്കാൻ പഴയനിയമ ഉദ്ധരണികൾ മാത്രം നിരത്തി വയ്ക്കുകയാണ് മത്തായി തന്റെ ആദ്യ സുവിശേഷത്തിലുടനീളം. 'കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ഇമ്മാനുവൽ എന്നു വിളിക്കപ്പെ ടും... പ്രവാചക വചനങ്ങൾ പൂർത്തിയാക്കാൻ അവൻ ഈജിപ്തിലേയ്ക്കു പോകും...' ഐസിയാസ് പ്രവാചകന്റെ ഈ വാക്കുകളാണ് യേശുവിനെ അവതരി പ്പിക്കാൻ മത്തായി ഉപയോഗിച്ചിരിക്കുന്നത്. യവന തത്വചിന്തയ്ക്കു ചുട്ട മറുപടി നൽകുകയാണ് യോഹന്നാൻ തന്റെ സുവിശേഷത്തിലൂടെ. യവന തത്വചിന്തയിലെ സുപ്രധാന അടിസ്ഥാനമായിരുന്നു വചനം. വചനം അറിയുന്നവർ എല്ലാം നേടി യെന്ന് അവർ വിശ്വസിച്ചു. എന്നാൽ യോഹന്നാൻ പറയുന്നു. 'ആദിയിൽ വചനമു

ണ്ടായിരുന്നു, വചനം ദൈവത്തോടുകൂടിയായിരുന്നു, ദൈവമായിരുന്നു ആ വചനം. ആ വചനം മാംസം ധരിച്ചതാണ് ക്രിസ്തു.' ഇതുവഴി യവന തത്വചിന്തയ്ക്ക് ക്രൈസ്തവമായ മാനം നൽകാൻ യോഹന്നാന് കഴിഞ്ഞു.

നിയമങ്ങൾ അറിയുകയും അവ പാലിക്കുകയും ചെയ്താൽ രക്ഷ പ്രാപിക്കുമെന്നാണ് യഹൂദരും യവനരും വിശ്വസിച്ചിരുന്നത്. എന്നാൽ ഇതിനെ ഖണ്ഡിച്ചുകൊണ്ട് പൗലോസ് അപ്പസ്തോലൻ പറയുന്നു. 'എനിക്ക് എല്ലാ നിയമങ്ങളും അറിയാം. എന്നാൽ അറിയുന്ന നല്ലകാര്യങ്ങൾ ചെയ്തു തീർക്കാൻ കഴിയുന്നില്ല എന്നതാണ് എന്റെ ഗതികേട്. എനിക്ക് നിന്റെ കൃപ വേണം. നിന്റെ കൃപയില്ലാതെ എനിക്കു മുന്നോട്ടു പോകാനാകില്ല.' രക്ഷ ദൈവകൃപയാണെന്ന് യഹൂദരെയും യവനരെയും നോക്കി പൗലോസ് അപ്പസ്തോലൻ പറയുന്നു.

ആദിമ സഭ കടുത്ത മത മർദനത്തെ നേരിടുകയുണ്ടായി. നീറോ ചക്രവർത്തിയും ഡയക്ളീഷ്യൻ ചക്രവർത്തിയും വലിയ മർദനമാണ് ക്രൈസ്തവർക്കു നേരെ അഴിച്ചുവിട്ടത്. 12 ക്രിസ്തു ശിഷ്യൻമാരിൽ യോഹന്നാൻ ഒഴികെ 11 പേരും രക്തസാക്ഷിത്വം വരിക്കുകയായിരുന്നു. അടികൊണ്ടും കുരുശിലേറിയും കുതിരക്കുളമ്പിൽ കെട്ടിവലിക്കപ്പെട്ടും തിളച്ച എണ്ണയിൽ വെന്തുരുകിയുമാണ് മറ്റു ശിഷ്യന്മാർ രക്തസാക്ഷി മകുടം ചൂടിയത്. അതുകൊണ്ടാണ് പൗലോസ് അപ്പസ്തോലൻ പറയുന്നത് 'എനിക്കു മരിക്കുക ലാഭമാണ്, ജീവിക്കുക സഹനവും നേട്ടവുമാണ്.'

മതമർദനങ്ങൾക്കു നടുവിലും സുവിശേഷവൽകരണം സാധ്യമാകുമെന്നതിന്റെ പ്രഖ്യാപനമാണ് പൗലോസിന്റെ ഈ വാക്കുകൾ. ലൂക്കായുടെ സുവിശേഷത്തിലേയ്ക്കു വരുമ്പോൾ രക്ഷ സാർവത്രികമാണെന്ന സന്ദേശമാണ് നമ്മുക്കു ലഭിക്കുന്നത്. യഹൂദജനത്തിനു മാത്രമായി ഒതുങ്ങുന്ന ഒരു ജറുസലേമല്ല ക്രിസ്തു വാഗ്ദാനം ചെയ്തിരിക്കുന്നത്. കാൽവരിയിലെ കുരിശ് താഴേയ്ക്കും മുകളിലേയ്ക്കും ഇടതേയ്ക്കും വലതേയ്ക്കും കിഴക്കോട്ടും പടിഞ്ഞാറോട്ടും തെക്കോട്ടും വലത്തോട്ടും ഉയർത്തപ്പെട്ട രക്ഷയുടെ അടയാളമാണെന്ന് ലൂക്കാ സുവശേഷകൻ സമർഥിക്കുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ സുവിശേഷത്തിൽ സവിശേഷ പ്രാധാന്യം കൈവരിച്ചിരിക്കുന്നത് കാനാൻകാരിയായ സ്ത്രീ, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ, ധൂർത്ത പുത്രൻ തുടങ്ങിയ സമൂഹത്തിലെ തിരസ്കൃത കഥാപാത്രങ്ങളാണ്. ആർക്കും വേണ്ടാത്ത, വെറുക്കപ്പെട്ട സമറിയാക്കാരൻ നല്ലവനായി മാറുന്നു. അതുകൊണ്ട് രക്ഷ ആരുടെയും തറവാട്ടു സ്വത്തല്ല, മറിച്ച് സന്മനസുള്ള എല്ലാവർക്കും അത് ലഭിക്കുന്നു എന്ന് സുവിശേഷം ഉറപ്പു നൽകുന്നു.

ആധുനിക സഭ നേരിടുന്ന വെല്ലുവിളികൾ വളരെ വ്യത്യസ്ഥമാണ്. ആദിമ സഭ നേരിട്ടതുപോലെ ഇന്ന് മതമർദനങ്ങളില്ല. പകരം നമ്മുടെ നാട്ടിൽ ക്രിസ്ത്യാനിയാണെങ്കിൽ ആനുകൂല്യങ്ങളാണ് അധികം ലഭിക്കുക.

ശിഷ്യത്വം രക്തസാക്ഷിത്വത്തിന്റെ സമ്മർദത്തിലാണെന്ന് പുതിയ മെത്രാന്മാർക്ക് റോമിൽ നടന്ന പ്രത്യേക പരിശീലന പരിപാടിയിൽ മാർപ്പാപ്പാ ഓർമിപ്പിച്ചു. 'ആദിമ സഭ രക്തം ചിന്തിക്കൊണ്ടാണ് രക്തസാക്ഷിത്വം വരിച്ചത്, ആധുനിക സഭ കണ്ണുനീർ ചിന്തിയാണ് രക്തസാക്ഷിത്വം വരിക്കേണ്ടത്.'

ആധുനിക കാലഘട്ടം സഭയ്ക്കു മുന്നിൽ ഉയർത്തുന്ന വെല്ലുവിളികൾക്കു നടുവിൽ നിന്നുകൊണ്ട്, കർത്താവല്ലാതെ മറ്റൊരു മാർഗം രക്ഷയ്ക്കില്ലെന്ന് ലോകത്തെ

ബോധ്യപ്പെടുത്താൻ സഭാമക്കൾ പുലർത്തുന്ന കാഴ്ചപ്പാടാണ് നവ സുവിശേഷ വൽകരണം.

ഒരിക്കലും പ്രശ്നങ്ങൾ വിട്ടൊഴിയാത്ത വീടാണ് സഭയെന്ന് നമ്മൾ തിരിച്ചറിയണം. സഭ കാൽവരിയിലേയ്ക്കുള്ള യാത്രയാണ്, സഭ കുരിശിലെ മരണമാണ്. ദു:ഖവെള്ളി കഴിയാതെ ഉയർപ്പു ഞായർ സംഭവിക്കില്ല എന്നു നമ്മൾ മനസിലാക്കണം. അതുകൊണ്ട് പ്രശ്നങ്ങളില്ലാത്ത സഭയെ സ്വപ്നം കാണുന്നവർ കർത്താവിന്റെ വിശ്വാസത്തിൽനിന്ന് ഏറെ അകലെയാണ്.